**കേരള സർക്കാർ**

**സംഗ്രഹം**

പൊ.വി.വ-എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി നിയമനത്തിനുള്ള യോഗ്യത (മലയാളം മീഡിയം) ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (കൈ) നം.67/2018/പൊവിവ** **തിരുവനന്തപുരം, തീയതി 22/05/2018**

---

പരാമർശം:- 1. ജിഒ (പി) നം. 76/80/പൊവിവ തീയതി 6-6-1980.

2. ജി.ഒ (ആർ.റ്റി) നം. 534/02/പൊവിവ തീയതി 19-3-02.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20-3-2018 ലെ കത്ത് നം. എച്ച്3/115658/18/ ഡിപിഐ

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ എയ്ഡഡ്, സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകയോഗ്യതകൾ ഏകീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം പുറത്തിറക്കിയ ഉത്തരവിൽ വ്യക്തത വരുത്തുന്നതിനായി പരാമർശം (2) ഉത്തരവ് പ്രകാരം എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി (മലയാളം മീഡിയം) നിയമനത്തിനുള്ള യോഗ്യത താഴെ കാണും പ്രകാരം ഭേദഗതി ചെയ്തിരുന്നു.

"Candidates who have not studied the Regional Language malayalam either under part I or Part II or as medium of instruction of SSLC will not be eligible for appointment to the post".

കേന്ദ്ര ബോർഡുകളുടെ പാഠ്യപദ്ധതി പിന്തുടരുന്ന നിരവധി വിദ്യാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സാഹചര്യത്തിൽ ഇപ്രകാരമുള്ള സ്കൂളുകളിൽ സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം പഠിച്ചിട്ടില്ലെങ്കിലും പിന്നീട് ബിരുദ/ബിരുദാനന്തര/ട്രെയിനിംഗ് തലങ്ങളിൽ മലയാളം പഠിച്ചവരെ ഈ നിബന്ധന ദോഷകരമായി ബാധിക്കുന്നതായി പരാമർശം (3) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തുടർന്ന് പരാമർശം (2) ലെ ഉത്തരവിന് ഭാഗികമായി ഭേദഗതി വരുത്തി പ്രസ്തുത ഉത്തരവു പ്രകാരം പുതുതായി ചേർത്ത "note" ന ശേഷം താഴെ പറയും പ്രകാരം ചേർത്ത് ഉത്തരവാകുന്നു:-

"സെക്കന്ററി/ഹയർ സെക്കന്ററി തലങ്ങളിൽ മലയാളം ഒരു വിഷയമായി പഠിച്ചിട്ടില്ലെങ്കിലും ബിരുദ/ബിരുദാനന്തര/അദ്ധ്യാപക ട്രെയിനിംഗ് യോഗ്യതാ തലങ്ങളിൽ ഏതെങ്കിലുമൊന്നിൽ കേരളത്തിലെ റഗുലർ കോഴ്സുകൾ വഴി മലയാളം ഒരു ഭാഷയായി പഠിച്ചിട്ടുള്ളവർക്ക് എൽ.പി.എസ്.റ്റി/യു.പി.എസ്.റ്റി നിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്".

കെ.ഇ.ആറിലെ ബന്ധപ്പെട്ട റൂളിൽ പിന്നീട് ഭേദഗതി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച്. നജീബ്**

**ജോയിന്റ് സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം,
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
പബ്ളിക്ക് റിലേഷൻസ് (വെബ് & ന്യൂമീഡിയ)/(പ്രസ്സ് റിലീസ്) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള തിരുവനന്തപുരം.
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും ഓഫീസർമാർക്കും
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ്:

ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

<u>പുറത്തെഴുത്ത് കത്ത് നമ്പർ.എച്ച്3/15658/2018/ഡി.പി.ഐ തീയതി 24.05.2018</u>

ഉത്തരവിന്റെ പകർപ്പ് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ് :

1 എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2 എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3 വൈസ്ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, KITE, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)